## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 6595

04.04.2018-ൽ മറുപടിയ്ക്ക്

## ബേക്കറി ജംഗ്ഷൻ-പൂജപ്പുര റോഡ് നാലുവരിപ്പാതയാക്കൽ

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) തലസ്ഥാന നഗരിയിലെ ബേക്കറി ജംഗ്ഷൻ മുതൽ പൂജപ്പുര വരെയുള്ള റോഡ് നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിലേക്കായി ഏതെങ്കിലും പദ്ധതി തയ്യാറാക്കിയിരുന്നോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) തലസ്ഥാന നഗരിയിലെ ബേക്കറി ജംഗ്ഷൻ മുതൽ പൂജപ്പുര വരെയുള്ള റോഡ് നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിനായി പുതിയ ലാന്റ് അക്വസിഷൻ നിയമ പ്രകാരം 351.30 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥന ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് ഈ വികസന പ്രവർത്തനത്തിന്റെ ഭാഗമായി എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ; | (ബി) മുൻ സർക്കാരിന്റെ കാലത്ത് പഴയ ലാന്റ് അക്വസിഷൻ നിയമ പ്രകാരം അർത്ഥന നൽകിയിരുന്നെങ്കിലും ക്യാൻസൽ ആയതിനാൽ തുടർ നടപടികൾ ഉണ്ടായില്ല. |
| (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത റോഡ് നാലുവരിപ്പാതയാക്കി ഉയർത്താൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ